II- ഇ.ബി. XII- കേരള നിയമസഭ/ VIII-18

**പന്ത്രണ്ടാം കേരള നിയമസഭ**

എട്ടാം സമ്മേളനം

**ചോദ്യോത്തരങ്ങൾ-സംഗ്രഹം**

2008 ജൂലായ് 18, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

59 (*541) മലയോര ഹൈവേയുടെ രണ്ടാം ഘട്ട രൂപരേഖ

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ.മോൻസ് ജോസഫ്) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് മലയോര ഹൈവേയുടെ രണ്ടാംഘട്ട രൂപരേഖ NATPAC തയ്യാറാക്കിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. രണ്ടാംഘട്ടം പാലക്കാട് ടൗണിൽനിന്നും ആരംഭിച്ച് പാറശ്ശാലയിൽ അവസാനിക്കത്തക്ക രീതിയിലാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇതിന് ഉദ്ദേശം 627 കിലോമീറ്റർ ദൈർഘ്യം ഉണ്ടായിരിക്കും. 17-5-2005-ൽ ആണ് ഒന്നാംഘട്ട നിർമ്മാണപ്രവൃത്തികൾ ആരംഭിച്ചത് .ഹിൽഹൈവേയുടെ ഒന്നാം ഘട്ടത്തിനും രണ്ടാംഘട്ടത്തിനുമായി പ്രത്യേക തുക ബഡ്ജറ്റിൽ മാറ്റിവച്ചിട്ടില്ല. ബഡ്ജറ്റിലുള്ള സ്റ്റേറ്റ് ഹൈവേയുടെ ഫണ്ട് ഉപയോഗിച്ചാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. പ്രധാനപ്പെട്ട ജില്ലാകേന്ദ്രങ്ങളുമായി ബന്ധപ്പെടാൻ കഴിയാത്ത സ്ഥലങ്ങൾ, ജീപ്പ് ഗതാഗതത്തെ മാത്രം ആശ്രയിക്കുന്ന പ്രദേശങ്ങൾ,

കാലാവസ്ഥാ വ്യതിയാനമനുസരിച്ച് ദുർഘടമായ സ്ഥിതിയിൽ കഴിയുന്ന കുടിയേറ്റ കാർഷികമേഖല തുടങ്ങി ഗതാഗത സൗകര്യങ്ങൾ അപര്യാപ്തമായ സ്ഥലങ്ങളിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുന്ന വിധത്തിൽ മലയോര പ്രദേശങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള സമഗ്രമായ വികസനമാണ് മലയോര ഹൈവേ വിഭാവന ചെയ്തിട്ടുള്ളത് 1997-ലാണ് മലയോര ഹൈവേ സംബന്ധിച്ച പ്രഖ്യാപനം വന്നത്. കാസർകോട്ടെ മന്ദാരപ്പടവിൽ നിന്ന് ആരംഭിച്ച് പാലക്കാട് ടൗൺ വരെയാണ് ആദ്യത്തെ അലൈൻമെന്റിന് രൂപം നൽകിയിട്ടുള്ളത്. അതിൽ ഏതാനും ഭാഗങ്ങളുടെ നിർമ്മാണപ്രവർത്തനങ്ങൾക്ക് മാത്രമാണ് ബഡ്ജറ്റിൽ തുകയുണ്ടായിരുന്നത്. ഇതിനോടകം ചില ചെറിയ റീച്ചുകളുടെ പ്രവൃത്തി ചെയ്തിട്ടുണ്ട്. രണ്ടാം ഘട്ടത്തിന്റെ ഭാഗമായിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യറാക്കുതിനുവേണ്ടി 'നാട്പാക്'-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ വരുന്ന പാലക്കാട്-തിരുവനന്തപുരം റീച്ചിനുകൂടി അന്തിമരൂപം കൊടുത്തശേഷം സ്റ്റേറ്റിലൊട്ടാകെ ഏകീകൃത സ്വഭാവത്തിൽ മലയോര ഹൈവേ നടപ്പാക്കാനാണ് ഉദേശിക്കുന്നത്. ഏതെല്ലാം റീച്ചുകളുടെ നിർമ്മാണപ്രവർത്തനം നടത്താൻ കഴിയുമെന്നുള്ള കാര്യത്തിൽ ഒരു ധാരണയുണ്ടാകേണ്ടതുണ്ട്. ആദ്യത്തെ പഠനറിപ്പോർട്ടിൽ വിട്ടുപോയ വയനാട്-മലപ്പുറം ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന പത്ത് കിലോമീറ്റർ ദൂരവും പാലക്കാട്-തൃശൂർ ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന 45 കിലോമീറ്റർ ദൂരവും കൂടി കണക്ക് ചെയ്യാൻ കഴിയുന്ന വിധത്തിൽ സ്റ്റേറ്റ് വൈഡായിട്ടുള്ള ഒരു അലൈൻമെന്റാണ് 'നാട്പാക്'-നോട് തയ്യാറാക്കാൻ നിർദ്ദേശിച്ചിട്ടുള്ളത്. അലൈൻമെന്റിന് അന്തിമരൂപം നൽകി 'നാട്പാക്'-ന്റെ റിപ്പോർട്ട് ലഭി

ച്ചശേഷം മാത്രമേ ഏതെല്ലാം മേഖലകളിലൂടെയാണ് മലയോര ഹൈവേ കടന്നുപോകുന്നതെന്നുള്ളതു സംബന്ധിച്ച് വെളിപ്പെടുത്താൻ കഴിയുകയുള്ളൂ. ആദ്യഘട്ടം പരിഗണിച്ച സന്ദർഭത്തിൽ ജനപ്രതിനിധികളുമായി അന്നത്തെ ഗവണ്മെന്റ് ചർച്ച നടത്തിയിരുന്നതാണ്. അലൈൻമെന്റിന് അന്തിമരൂപം കൊടുക്കുന്നതിനു മുമ്പ് അതാതു സ്ഥലത്തെ എം.എൽ.എ.മാരടക്കമുള്ള ജനപ്രതിനിധികളുമായി കൂടിയാലോചിച്ച് അവരുടെ അഭിപ്രായങ്ങൾ കൂടി പരിഗണിച്ച് ആവശ്യമായ ഭേദഗതികൾ വരുത്താൻ ഗവണ്മെന്റ് മുൻകയ്യെടുക്കുന്നതാണ്. ബഡ്ജറ്ററി സപ്പോർട്ടിലൂടെ വിപുലമായ ഈ പദ്ധതി നടപ്പാക്കുന്നതിന് പ്രായോഗികമായി വൈഷമ്യങ്ങളുണ്ട്. എന്നാൽ ഐ.ഡി.ബി.ഐ., നബാർഡ്, ഐ.എൽ.ആന്റ് എഫ്.എസ്. തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങൾ മലയോര ഹൈവേയ്ക്ക് മുതൽമുടക്കാൻ സന്നദ്ധമാണെന്ന് അറിയിച്ചിട്ടുണ്ട്; അവരുമായി ചർച്ച ചെയ്ത് ഈ പ്രോജക്ട് നടപ്പിലാക്കാനാണ് ശ്രമിക്കുന്നത് ടോൾ സിസ്റ്റം, ആന്വിറ്റി മോഡൽ, ബി.ഒ.ടി. മോഡൽ തുടങ്ങിയവയിലേതെങ്കിലുമൊരു ധനകാര്യ ക്രമീകരണം ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതുണ്ട്. അക്കാര്യം പരിശോധിച്ച് ഗവണ്മെന്റ് അന്തിമ തീരുമാനം എടുക്കുന്നതാണ്. എം.സി, എൻ.എച്ച്. റോഡുകളും മലയോര ഹൈവേയും തമ്മിലുള്ള കണക്ടിവിറ്റിയുമായി ബന്ധപ്പെട്ട പഠനം കേരളത്തിൽ നടന്നിട്ടില്ല. ഇത്തരത്തിൽ വിവിധ പ്രദേശങ്ങളെ ബന്ധിപ്പിക്കാൻ കഴിയുന്ന തരത്തിലുള്ള റോഡ് നെറ്റ് വർക്ക് സംവിധാനം സംസ്ഥാനത്തുണ്ടായിട്ടില്ല. ഇടനാട്, തീരദേശം, മലനാട് എന്നിങ്ങനെയുള്ള എല്ലാ മേഖലകളേയും തമ്മിൽ ബന്ധിപ്പിക്കാൻ കഴിയുന്ന വിധത്തിലുള്ള ഒരു പഠനം നടത്താൻ അന്താരാഷ്ട്ര നിലവാരമുള്ള ഒരു ഏജൻസിയെ നിയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കാസർകോട്,

പാലക്കാട്, കോഴിക്കോട് അടക്കം 530 കിലോമീറ്ററാണ് മലയോര ഹൈവേ യുടെ നിർമ്മാണപ്രവർത്തനവുമായി ബന്ധപ്പെട്ട് ആദ്യം തുടങ്ങിയത്. മല യോര ഹൈവെ സ്റ്റേറ്റ് ഹൈവേയായിട്ടാണ് ഡിക്ളയർ ചെയ്തിട്ടുള്ളത്. സ്റ്റേറ്റ് ഹൈവേ ലക്ഷ്യമിട്ടിരിക്കുന്നത് നാലുവരി പാതയാണ്. എന്നാൽ കേരള ത്തിന്റെ ഭൂപ്രകൃതിയനുസരിച്ച് മലയോരമേഖലയിൽ രണ്ടുവരി പാതയ്ക്കാണ് സാധ്യതയുള്ളത്. ഇതിൽ റോഡുകളില്ലാത്ത പ്രദേശങ്ങളിൽ പുതിയതായി റോഡുകൾ നിർമ്മിക്കേണ്ടതായും വരും. ഹെവി മെയിന്റനൻസ് സ്കീമിന്റെ അടിസ്ഥാനത്തിൽ പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ ശബരിമല റോഡുകൾ അടക്കം ഒരു പ്രത്യേക പാക്കേജ് ഗവണ്മെന്റ് തയ്യാറാക്കി വരിക യാണ്. മലയോര ഹൈവേ വനഭൂമിയിലൂടെ കടന്നുപോകുന്നതിനാൽ പരി സ്ഥിതിക്ക് കോട്ടം വരാത്ത രീതിയിൽ വനംവകുപ്പുമായി ബന്ധപ്പെട്ട് വന ഭൂമിയുടെ കാര്യത്തിൽ ഒരു ധാരണ വേണ്ടതാണ്. വനഭൂമി ഒഴിവാ ക്കിക്കൊണ്ട് മറ്റ് മേഖലകളിലൂടെ ഈ പാത കൊണ്ടുപോകാൻ കഴിയു മെങ്കിൽ അത്തരത്തിൽ പരിശോധിച്ച് റിപ്പോർട്ട് ചെയ്യാനാണ് ഇപ്പോൾ 'നാട്പാക്'-നെ ചുമതലപ്പെടുത്തിയിരിക്കുന്നത്. വനമേഖലയിലൂടെ തന്നെ പോകേണ്ടതുണ്ടെങ്കിൽ വിവിധ വകുപ്പുകൾ കൂട്ടായി ആലോചിച്ച് തീരുമാന മെടുക്കുന്നതാണ്. കൂടാതെ വനംവകുപ്പുമന്ത്രിയുമായും വനംമേഖലയെ പ്രതിനിധീകരിക്കുന്ന എം.എൽ.എ.-മാരുമായും ചർച്ച ചെയ്യുന്നതിലേ യ്ക്കായി ഒരു യോഗം പ്രത്യേകമായി ഗവണ്മെന്റ് വിളിച്ചുകൂട്ടുന്നതാണ്. 'നാട്പാക്' പഠനറിപ്പോർട്ട് ലഭിച്ചാൽ കാലതാമസം കൂടാതെ സ്റ്റേറ്റ് വൈഡായി അലൈൻമെന്റിന് അന്തിമരൂപം കൊടുക്കാനും മുഴുവൻ പദ്ധതിയും ഒന്നിച്ചെടുക്കാൻ കഴിയുന്നില്ലെങ്കിൽ ജില്ലകളെ ബന്ധപ്പെടുത്തുന്ന

തിനോ പ്രധാനപ്പെട്ട മേഖലകളിൽ നിന്ന് ഓരോ ജില്ലകളിൽ തെരഞ്ഞെടുക്കപ്പെട്ട റീച്ച് നിശ്ചയിച്ചുകൊണ്ട് പ്രവൃത്തി ആരംഭിക്കുന്നതിനോ നടപടി സ്വീകരിക്കുന്നതാണ്. ഗതാഗതസൗകര്യമില്ലാത്ത അവികസിതമായിട്ടുള്ള മലയോര പ്രദേശങ്ങൾക്ക് വികസന സാഹചര്യം വരുത്തുന്നതിനുവേണ്ടിയാണ് മലയോര ഹൈവേ ലക്ഷ്യമിടുന്നത്. ആ നിലയിൽ വയനാട്, ഇടുക്കി തുടങ്ങിയ ജില്ലകൾക്ക് പ്രത്യേകമായ പരിഗണന ഈ പദ്ധതിയിൽ നൽകുന്നതാണ്. കേന്ദ്ര നയത്തിന്റെ ഭാഗമായി കൺട്രോൾ ലൈൻ, ബിൽഡിംഗ് ലൈൻ എന്നീ രണ്ട് കാര്യങ്ങളിൽ ഒരു ധാരണയിലെത്താനും ഹൈവേകളുമായി ബന്ധപ്പെട്ട് നിൽക്കുന്ന ആശങ്കകൾ പരിഹരിക്കാനും നിർമ്മാണ പ്രവർത്തനങ്ങൾക്കുണ്ടായിരുന്ന തടസ്സം പരിഹരിക്കാനും ഗവണ്മെന്റ് നടപടി കൈക്കൊള്ളുന്നതാണ്. അലൈൻമെന്റിനുള്ള പ്രൊപ്പോസൽ വന്നശേഷം തമിഴ്നാടുമായി ബന്ധിപ്പിക്കുന്ന ചാലക്കുടി-ആനമല റോഡ് മലയോര ഹൈവേയിൽ ഉൾപ്പെടുത്തുന്നതു സംബന്ധിച്ച് പരിശോധിക്കുന്നതാണ്. കോട്ടയം-കുമിളി റോഡ് ഇപ്പോൾ നാഷണൽ ഹൈവേയായിട്ടാണ് ഡിക്ളയർ ചെയ്തിരിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ സഹായം സംസ്ഥാനത്തെ റോഡുകൾക്ക് ലഭ്യമാകണമെങ്കിൽ കേന്ദ്ര നോംസ് അനുസരിച്ച് പദ്ധതികൾ തയ്യാറാക്കേണ്ടതുണ്ട്. അലൈൻമെന്റിന് അന്തിമരൂപം കൊടുത്ത ശേഷം പ്രോജക്ടുമായി ബന്ധപ്പെട്ട ചർച്ചകളിൽ പാലങ്ങൾക്കും പ്രധാനപ്പെട്ട റോഡുകൾക്കും മുൻഗണന നൽകുന്നതാണ്. നിക്ഷേപങ്ങൾക്ക് നിയമപരിരക്ഷ ഉറപ്പാക്കുന്ന പശ്ചാത്തലസൗകര്യവികസന ബിൽ നടപ്പിലാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. പാലക്കാട് ജില്ലയിലെ പൊൻപാറ, എടത്തനാട്ടുകര, തിരുവിഴാംകുന്ന്, കപ്പുപറമ്പ്, കോട്ടപ്പാടം, കുമരംപുത്തൂർ, മണ്ണാർക്കാട് എന്നീ സ്ഥലങ്ങളാണ് മലയോര ഹൈവേയുടെ

അലൈൻമെന്റിൽ ശുപാർശ ചെയ്തിട്ടുള്ളത്. ഇതിൽ ഭേദഗതി ആവശ്യമുണ്ടോ എന്ന കാര്യം പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ഈ സാമ്പത്തികവർഷം തന്നെ മലയോര ഹൈവേയുമായി ബന്ധപ്പെട്ട കുറേ റീച്ചുകളുടെയെങ്കിലും പ്രവൃത്തി ക്രമീകരിക്കാൻ കഴിയുന്ന വിധത്തിൽ ലാന്റ് അക്വിസിഷൻ അടക്കമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. തീരദേശവുമായി ബന്ധപ്പെട്ട് കായങ്കുളം-ഫോർട്ട്കൊച്ചി, വൈപ്പിൻ-മൂത്തകുന്നം, പൊന്നാനി-കോഴിക്കോട് അടക്കമുള്ള മൂന്നു നാല് റീച്ചുകളാണ് ഇപ്പോൾ നിലനിൽക്കുന്നത് ഇതെല്ലാം ചേർത്ത് ഒരു യോജിച്ച അലൈൻമെന്റ് തീരദേശ പാതയുടെ കാര്യത്തിൽ ആവിഷ്ക്കരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെന്ന് ഒരു ഉപചോദ്യത്തിനുത്തരമായി മന്ത്രി വ്യക്തമാക്കി.

60 (*542) <u>സഹകരണമേഖലയിൽ ബാങ്കിംഗ് ഓംബുഡ്സ്മാൻ.</u>

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) നൽകിയ മറുപടിയിൽ, സഹകരണമേഖലയിൽ സഹകരണ ഓംബുഡ്സ്മാൻ സംവിധാനം മന്ത്രിസഭയുടെ അംഗീകാരത്തോടെ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടെന്നും ഈ സംവിധാനം നിലവിൽ വരുന്നതോടുകൂടി സഹകരണ മേഖലയുമായി ബന്ധപ്പെട്ട ജനവിഭാഗങ്ങളുടെ വായ്പ, നിക്ഷേപം, പലിശ നിരക്ക് തുടങ്ങിയ ബാങ്കിംഗ് ഇടപാടുകളുമായി ബന്ധപ്പെട്ട പരാതികൾക്ക് സത്വരപരിഹാരം കാണാനും തദ്വാരാ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താനും കഴിയുന്നതാണെന്നും സഭയെ അറിയിച്ചു. പലിശ നിരക്ക് നിശ്ചയിക്കുന്നതിന് പ്രത്യേക സംവിധാനമുണ്ട്. അങ്ങനെ നിശ്ചയിക്കുന്ന പലിശ നിരക്ക് പ്രകാരമാണോ സഹകരണ സംഘങ്ങൾ പലിശ ഈടാക്കുന്നതും നൽകുന്നതും എന്നതാണ് സഹകരണ ഓംബുഡ്സ്മാൻ

സംവിധാനത്തിൽ പരിശോധിക്കാൻ ഉദ്ദേശിക്കുന്നത്. അഴിമതി അന്വേഷിക്കാൻ വേണ്ടി സഹകരണനിയമത്തിൽ ഉണ്ടായിരുന്നതും നടപ്പിലാക്കാത്തതുമായ 68 (എ) വകുപ്പു പ്രകാരം ഡി..ഐ.ജി-യുടെ നേതൃത്വത്തിൽ സഹകരണ വിജിലൻസ് വിംഗ് രൂപീകരിച്ചിട്ടുണ്ട്. മൂന്നു മേഖലകളിൽ ഡിവൈ.എസ്.പി.മാരുടെ നേതൃത്വത്തിൽ സോണൽ ഓഫീസുകൾ തുടങ്ങുകയും സർക്കിൾ ഇൻസ്പെക്ടർമാർ അടക്കമുള്ള ഉദ്യോഗസ്ഥന്മാരെ അവിടെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. സഹകരണനിയമത്തിലെ വകുപ്പുകൾ പ്രകാരം ഡിപ്പാർട്ട്മെന്റുതല എൻക്വയറി നടത്താനുള്ള സംവിധാനങ്ങളും നിലവിലുണ്ട്. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം 20,000-ത്തോളം നിവേദനങ്ങൾ കിട്ടിയതിൽ 7,000-ലധികം കേസ്സുകൾ അഴിമതിയെ സംബന്ധിച്ചുള്ളതായിരുന്നു. രണ്ടായിരം കോടിയിലേറെ രൂപ വിവിധ സഹകരണ സ്ഥാപനങ്ങളിൽ നിന്നും തെറ്റായ രീതിയിൽ നഷ്ടപ്പെട്ടത് സംബന്ധിച്ച് പരിശോധിച്ച് മേൽ നടപടികൾ സ്വീകരിച്ചുവരികയാണ്. കൂടാതെ എഴുന്നൂറോളം ഡിപ്പാർട്ട്മെന്റൽ എൻക്വയറികളിലും വിജിലൻസിന് കൈമാറിയിട്ടുള്ള 248 കേസ്സുകളിലും നടപടികൾ നടന്നുവരികയാണ്. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം അഴിമതിയന്വേഷണത്തിനായി 14 ജില്ലാതല കമ്മീഷനുകളേയും ഒരു സംസ്ഥാനതല കമ്മീഷനേയും നിയോഗിച്ചു. വിവിധ കേസ്സുകളിലായി ആകെ നഷ്ടപ്പെട്ടതിൽ ചെറിയൊരു ശതമാനം തുക വീണ്ടെടുക്കാൻ സാധിച്ചിട്ടുണ്ട്. സഹകരണ മേഖലയുടെ ആവശ്യകത പൂർണ്ണമായി നിറവേറ്റാൻ കഴിയാത്ത വിധത്തിൽ നിലവിലുള്ള നിയമത്തിലെ അപാകതകൾ പരിഹരിക്കുന്നതിനുവേണ്ടി 150-ലേറെ ഭേദഗതികളടങ്ങുന്ന ഒരു

സമഗ്രനിയമം തയ്യാറാക്കി വരികയാണ്. അത് നിയമവകുപ്പിന്റെ പരിശോധനയ്ക്ക് അയച്ചശേഷം മന്ത്രിസഭയുടെ അംഗീകാരത്തോടുകൂടി ഒരു ബില്ലായി കൊണ്ടുവരുന്നതാണ്. പ്രസ്തുത സഹകരണ ഭേദഗതിനിയമത്തിൽ സ്ത്രീകൾക്ക് 33 ശതമാനവും വികലാംഗർക്ക് 3 ശതമാനവും സംവരണം ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്. ഒഴിവുള്ള തസ്തികകളിൽ സഹകരണ രജിസ്ട്രാറുടെ അനുമതിയോടുകൂടി താൽക്കാലിക ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. നിയമവിരുദ്ധമായി നിയമനം നടത്തിയ കേസ്സുകൾ തിരുവനന്തപുരം ജില്ലയിൽ കണ്ടുപിടിച്ചത് പരിശോധിച്ച് മേൽനടപടി സ്വീകരിക്കുന്നതാണ്. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം കാർഷികാവശ്യത്തിനായി സഹകരണസ്ഥാപനങ്ങൾ നൽകുന്ന വായ്പയുടെ പലിശ 4 ശതമാനമാക്കി. എന്നാൽ 7 ശതമാനം പലിശയ്ക്ക് ഹ്രസ്വകാല വായ്പ എടുത്ത ശേഷം ആ തുക കൂടുതൽ പലിശയ്ക്ക് മറിച്ചു കൊടുക്കുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൂർണ്ണമായി കാർഷികാവശ്യത്തിന് മാത്രമാണെന്ന് അറിഞ്ഞതിനുശേഷം മാത്രമേ കാർഷിക ലോൺ കൊടുക്കാൻ പാടുള്ളൂവെന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. നെൽകൃഷിക്ക് പലിശരഹിത വായ്പ നൽകുന്നുണ്ട്. പച്ചക്കറി, വാഴ, കപ്പ തുടങ്ങിയ കൃഷിക്കുള്ള വായ്പയ്ക്ക് 4 ശതമാനം പലിശയും കാർഷികാവശ്യത്തിനായി എടുക്കുന്ന മൂന്നു ലക്ഷം രൂപയുടെ വായ്പയ്ക്ക് 7 ശതമാനം പലിശയും കുടുംബശ്രീ യൂണിറ്റുകൾ എടുക്കുന്ന വായ്പയ്ക്ക് 7 ശതമാനം പലിശയുമാണ് ഈടാക്കുന്നത്. പഞ്ചായത്ത്-മുനിസിപ്പൽ-കോർപ്പറേഷനുകളുമായി ബന്ധപ്പെട്ട് ചെറുകിട ജലസേചന

പദ്ധതിക്കായി 7 ശതമാനം പലിശയ്ക്ക് വായ്പ കൊടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഡെപ്പോസിറ്റുകൾക്ക് പലിശ കൂട്ടിയിട്ടുണ്ട്. സഹകരണ മേഖലയിൽ ആഡിറ്റ് സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ആഡിറ്റർ ജനറൽ പോസ്റ്റ് ഏർപ്പെടുത്തിയിട്ടുണ്ട്. റിസർവ്വ് ബാങ്കുമായി ബന്ധപ്പെട്ട ആഡിറ്റിന് പുറമേ 25 ലക്ഷത്തിൽ താഴെ നഷ്ടം വരുന്ന കേസ്സുകൾ ചാർട്ടേർഡ് അക്കൗണ്ടന്റിന്റെ ലെവലിൽ ആഡിറ്റ് ചെയ്യാനും തീരുമാനിച്ചിട്ടുണ്ട്. സഹകരണ വകുപ്പുമന്ത്രി ചെയർമാനും രജിസ്ട്രാർ കൺവീനറും കേരളാ സ്റ്റേറ്റ് കോ ഓപ്പറേറ്റീവ് ബാങ്ക്, ഡിസ്ട്രിക്റ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്, അർബൻ ബാങ്ക് തുടങ്ങിയവയിലെ പ്രതിനിധികൾ അംഗ ങ്ങളായുമുള്ള ഉന്നതതല സംഘമാണ് പലിശ നിരക്ക് നിശ്ചയിക്കുന്നത്. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം 17 തവണ ഈ സമിതി കൂടുകയും കാലാകാലങ്ങളിൽ പലിശനിരക്ക് റിവൈസ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഈ ഓണക്കാലത്ത് കൺസ്യൂമർഫെഡ് വഴി 4,000 ഓണചച്ചന്തകൾ നട ത്താൻ തീരുമാനമായിട്ടുണ്ട്. കംപ്യൂട്ടറൈസേഷൻ ഏർപ്പെടുത്തിയിട്ടുള്ള സഹകരണ ബാങ്കുകളിൽ ഇൻഫർമേഷൻ ആഡിറ്റ് സിസ്റ്റം നടപ്പിലാക്കുന്ന കാര്യം പരിശോധിക്കുന്നതാണെന്ന് ഒരു ഉപചോദ്യത്തിനുത്തരമായി മന്ത്രി വ്യക്തമാക്കി.

61 (*543) <u>ഹയർസെക്കന്ററി തലത്തിലെ കരിക്കുലം പരിഷ്കരണം</u>

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ.ബേബി) നൽകിയ മറുപടിയിൽ, ഹയർ സെക്കന്ററി തലത്തിലെ കരിക്കുലം പുന:സംഘടിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടെന്നും ഒന്നു മുതൽ

പന്ത്രണ്ടുവരെ ക്ലാസുകൾക്കുള്ള കരിക്കുലം പുന:സംഘടിപ്പിക്കുന്നതിനുള്ള കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2007, കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ഒന്നു മുതൽ പന്ത്രണ്ടാം ക്ലാസുവരെയുള്ള സിലബസ്സ് രൂപീകരിച്ചിട്ടുണ്ട്. ഇതനുസരിച്ച് 1, 3, 5, 7 ക്ലാസുകളിലെ പരിഷ്കരിച്ച പാഠപുസ്തകങ്ങൾ 2008-09 അധ്യയനവർഷം നടപ്പാക്കിക്കഴിഞ്ഞു. ഹയർസെക്കണ്ടറി ഉൾപ്പെടെ മറ്റു ക്ലാസുകളിലേയ്ക്കുള്ള പാഠപുസ്തകങ്ങൾ പരിഷ്കരിക്കുന്നതിനുള്ള നടപടി കൈക്കൊണ്ടുവരുന്നു. കരിക്കുലം പരിഷ്കരണത്തിനുവേണ്ടി ഒരു കോർ കമ്മിറ്റി രൂപീകരിച്ചിരുന്നു. കരിക്കുലത്തിന്റെ വിവിധ മേഖലകളിലെ പഠനത്തിനുവേണ്ടി 14 പൊസിഷൻ പേപ്പറുകൾ തയ്യാറാക്കുന്നതിനായി 14 ഫോക്കസ് ഗ്രൂപ്പുകളും രൂപീകരിച്ചിരുന്നു. പരിഷ്കരിച്ച കരിക്കുലത്തെ ആസ്പദമാക്കി ഒന്നാം ഘട്ടമായി 1, 3, 5, 7 ക്ലാസുകളിൽ പാഠപുസ്തകങ്ങൾ 2008-09 വർഷം നടപ്പിലാക്കി. ഹയർ സെക്കണ്ടറി ഉൾപ്പെടെയുള്ള മറ്റു ക്ലാസുകളിലെ പാഠപുസ്തകങ്ങൾ ഘട്ടങ്ങളായി പരിഷ്കരിച്ച് പുറത്തിറക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് 2005, കേരളപാഠ്യപദ്ധതി ചട്ടക്കൂട് 2007 എന്നിവ അടിസ്ഥാനമാക്കി ഹയർ സെക്കണ്ടറി തലംവരെയുള്ള സിലബസ്സ് ഗ്രിഡ് വിശദാംശങ്ങളോടെ തയാറാക്കുക, സിലബസ്സ് ഗ്രിഡിനെ അടിസ്ഥാനപ്പെടുത്തി ബാക്കിയുള്ള ക്ലാസുകളിലെ പാഠപുസ്തകങ്ങൾ ഘട്ടങ്ങളായി തയ്യാറാക്കുക, തയ്യാറാക്കിയ പാഠപുസ്തകങ്ങളുടെ ക്ലാസ്റൂം വിനിമയം പഠനത്തിന് വിധേയമാക്കിയശേഷം പാഠപുസ്തകങ്ങൾ

പരിഷ്കരിക്കുക എന്നിവയാണ് കരിക്കുലം പരിഷ്കരണവുമായി ബന്ധപ്പെട്ട് ഈ വർഷം നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ. അതാത് വിഷയ ങ്ങളിൽ വൈദഗ്ദ്ധ്യമുള്ള തെരഞ്ഞെടുക്കപ്പെടുന്ന ആളുകളാണ് പാഠ പുസ്തകങ്ങൾ തയ്യാറാക്കുന്നത്. അദ്ധ്യാപക സഹായിയും ഇപ്പോൾ തയ്യാറാക്കി നൽകുന്നുണ്ട്. പരിഭാഷപ്പെടുത്താനായി വിദഗ്ദ്ധൻമാരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. പരിഭാഷയിൽ വന്നിട്ടുള്ള തെറ്റുകൾ കണ്ടെത്തി തിരുത്താനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഹൈക്കോടതി അനുമതിയുടെ ഭാഗമായി നടപ്പിലാക്കിയ പ്ളസ് വൺ ഏകജാലക സമ്പ്രദായം ഫലപ്രദ മായി നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. പ്ളസ് ടു പാസ്സാകുന്നവർക്ക് തൊഴിൽ നേടാൻ കഴിയണമെന്നുള്ള ലക്ഷ്യത്തോടുകൂടിയാണ് വൊക്കേഷണൽ ഹയർ സെക്കന്ററി എന്ന പ്രത്യേക ശാഖ രൂപപ്പെടുത്തിയത്. എന്നാൽ ഉപരിപ ഠനത്തിലുള്ള പാഠഭാഗങ്ങൾ വേണ്ടപോലെ പഠിക്കാൻ കഴിയാതെയും തൊഴിൽ പരിശീലനം വേണ്ട രീതിയിൽ കിട്ടാതെയും വരുന്ന സ്ഥിതി മനസ്സി ലാക്കി അതിന് പരിഹാരം കണ്ടെത്താനുള്ള മാർഗ്ഗമാണ് പാഠ്യപദ്ധതി ചട്ടക്കൂടിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് ഒരു ഉപചോദ്യത്തിനുത്തരമായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട 544 മുതൽ 570 വരെയുള്ള (27) ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 4467 മുതൽ 4707 വരെയുള്ള ചോദ്യങ്ങളിൽ 59എണ്ണ ത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)